[Mr. Wilson Peter.]

ആലോചനായോഗത്തിൽ സംബന്ധിച്ചശേഷം അതേ കാറിൽ തന്നെ കന്യാകുമാരിയിലേക്ക് പോയിട്ടുള്ളതിനെപ്പറ്റി ഏതെങ്കിലും കമ്പി സന്ദേശം ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഈ മാതിരി സപ്ലിമെന്ററി ചോദ്യങ്ങൾക്ക് ഉത്തരം പറയത്തക്കവണ്ണം വിവരങ്ങൾ ശേഖരിക്കുന്നതിനു കുറെ സമയക്കൂടുതൽ സ്വാഭാവികമായി ആവശ്യപ്പെടാൻ ഞാൻ നിർബന്ധിതനായിത്തീർന്നിരിക്കുന്നു.

MR. P. S. MUHAMMED (*Muvattupuzha I—Muslim*) : സ്റ്റോറുകാർ കൊടുക്കുന്നതു് എങ്ങനെയുള്ള വക്കാണു് ?

HON'BLE MR. T. K. NARAYANA PILLAI : അതിനു ഗവണ്മെന്റിൽ നിന്നും ചില പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്. അതിനെ അടിസ്ഥാനമാക്കി മാത്രമാണു് കൊടുത്തുവരുന്നതു്.

പാർസൽസർവീസ്.

*14. MR. WILSON PETER : താഴെ പറയുന്ന ചോദ്യത്തിനു് ടൗൻസ്പോർട്ടു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

സ്റ്റോറു ടൗൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു പാർസൽസർവീസു നടത്തിവരുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : നടത്തിവരുന്നുണ്ടു്.

MR. WILSON PETER : സ്റ്റോറു ടൗൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽ നിന്നും പാർസൽസർവീസു നടത്തിക്കൊണ്ടിരിക്കുമ്പോൾ മറ്റാർക്കെങ്കിലും പാർസൽ സർവീസ് നടത്താൻ അനുവാദം കൊടുത്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : സ്റ്റോറു ടൗൻസ്പോർട്ടു മൊണോപൊളൈസു് ചെയ്തിട്ടുള്ള ലൈനുകളിൽ ഇല്ല.

MR. WILSON PETER : മറ്റേതെങ്കിലും കമ്പനിക്കു് പാർസൽ സർവീസ് നടത്തുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : ചില പ്രൈവറു കമ്പനികളും പാർസർവീസു നടത്തുന്നുണ്ടു്.

MR. WILSON PETER : സ്റ്റോറുടൗൻസ്പോർട്ടു പാർസൽസർവീസുള്ള റോഡിൽ മറ്റേതെങ്കിലും കമ്പനിക്കു് പാർസർവീസു നടത്താൻ അനുവാദം കൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : ചില പ്രത്യേക പരിതഃസ്ഥിതികളിൽ T. V. S. ന് അനുവാദം കൊടുത്തിട്ടുണ്ട്.

MR. WILSON PETER : ആ പരിതഃസ്ഥിതികൾ എന്തെന്ന് വ്യക്തമാക്കാമോ?

HON'BLE MR. K. R. ELANKATH : ഇവിടെ നിന്നും വെളിയിലേക്ക് ധാരാളം സാധനങ്ങൾ കൊണ്ടുപോകേണ്ടതായാവശ്യം ഉള്ളതുകൊണ്ടാണ് അങ്ങനെ കൊടുത്തിട്ടുള്ളത്.

MR. WILSON PETER ; അതിന തിരുവിതാംകൂർകാർ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : 'Through' ആയിട്ട ഒരു സർവീസു നടത്തുന്നതിന് ആരും അപേക്ഷിച്ചിട്ടില്ലെന്നാണ് , എന്റെ അറിവ്.

മൂത്തേടത്തുകാവു ഗ്രാമോദ്ധാരണകേന്ദ്രം.

* 15. MR. V. MADHAVAN (*Vaikom I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് എലക്ട്രിസിറ്റി ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) വൈക്കം മൂത്തേടത്തുകാവു ഗ്രാമോദ്ധാരണകേന്ദ്രത്തിൽ ഇലക്ട്രിസിറ്റി കൊടുക്കണമെന്ന് അവിടത്തെ കമ്മറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട് ?

HON'BLE MR. N. KUNJURAMAN: (a) Yes.

(b) Due to scarcity of line matetials it is not possible to take up this extension at present.

MR. V. MADHAVAN : ഫസ്റ്റ്-ൽ ഈ കേന്ദ്രത്തിലേക്ക് എലക്ട്രിസിറ്റി കൊടുക്കാമെന്ന് ഒരു തീരുമാനമുണ്ടായിരുന്നോ ?

HON'BLE MR. N. KUNJURAMAN : അറിവില്ല.

Appointment of Mr. Stephen Netto as I Grade District Registrar.

* 16. MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : Will Hon'ble Minister for Registration be pleased to state :

(*a*) whether Government have received any complaint against the appointment of Mr. Stephen Netto as I Grade District Registrar; and

(*b*) if so, the nature of the complaint and the action taken by the Government?

HON'BLE MR. A. J. JOHN : (*a*) Yes.

(b) The matter is receiving attention.

LIBRARY ARCHIVES Kerala Legislative Assembly